ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരണ പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(സി) നവീകരണപ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കണ്ണൂർ എൻജിനീയറിംഗ് കോളേജ് കേന്ദ്രമായി സബ് ട്രഷറി

183 (197) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ എൻജിനീയറിംഗ് കോളേജ് കേന്ദ്രമായി ഒരു സബ് ട്രഷറി സ്ഥാപിക്കുന്നതിനായി നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ ;

(സി) സബ് ട്രഷറി അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി&സി) പരിശോധിച്ചുവരുന്നു.

തൃക്കരിപ്പൂരിൽ സബ് ട്രഷറി അനുവദിക്കാൻ നടപടി

184 (198) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ മണ്ഡലത്തിലെ തൃക്കരിപ്പൂർ കേന്ദ്രീകരിച്ച് സബ്ട്രഷറി ആരംഭിക്കുന്നതിന് വർഷങ്ങൾ മുമ്പെ നിവേദനങ്ങൾ നൽകുകയും, ട്രഷറി വകുപ്പിൽനിന്നും അനുകൂല നടപടികൾ ഉണ്ടാവുകയും ചെയ്തിട്ടും സബ്ട്രഷറി അനുവദിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

പരിശോധിച്ചുവരികയാണ്.

ലോട്ടറി ചട്ടങ്ങൾ ലംഘിച്ച് വില്പന നടത്തിയ അന്യസംസ്ഥാന ലോട്ടറികൾ

185 (199) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ഡി. സതീശൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ലോട്ടറി സംബന്ധിച്ച ചട്ടങ്ങൾ ലംഘിച്ച് സംസ്ഥാനത്ത് വില്പന നടത്തിയ അന്യസംസ്ഥാന ലോട്ടറികൾ ഈ സർക്കാരിന്റെ ഇതുവരെയുള്ള കാലയളവിൽ എത്ര കോടി രൂപ സംസ്ഥാനത്തുനിന്നും ചൂഷണം ചെയ്തിട്ടുണ്ട് എന്നാണ് കണ്ടെത്തിയിട്ടുള്ളത് ;

(ബി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) വില്ക്കാത്ത ടിക്കറ്റിന്റെ സമ്മാനം ലോട്ടറി പ്രൊമോട്ടർമാർ സ്വന്തമായി എടുക്കുന്നത് കള്ളപ്പണം വെളിപ്പിക്കുന്നതിനാണെന്ന വസ്തുതയെക്കുറിച്ച് അന്വേഷണം നടത്തിയിരുന്നുവോ ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) സാമ്പത്തിക കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്ന കേന്ദ്ര ഏജൻസികളെക്കൊണ്ട് ഇത്തരം കാര്യങ്ങൾ അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവോ ;

(ഇ) എങ്കിൽ ഈ കാര്യത്തിൽ എന്തൊക്കെ അന്വേഷണങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഇത് സംബന്ധിച്ച് ഔദ്യോഗിക വിവരങ്ങൾ ലഭ്യമല്ല.

(ബി) ബാധകമല്ല.

(സി&ഡി) ഇല്ല.

(ഇ) ബാധകമല്ല.

അന്യസംസ്ഥാന ലോട്ടറികളെ നിയന്ത്രിക്കുന്നതിനും നിയമലംഘനം തടയുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ

186 (200) ശ്രീമതി കെ. കെ. ലതിക :
ശ്രീ. സി. കെ. പി. പത്മനാഭൻ :
ശ്രീ. സാജു പോൾ :
ശ്രീ. ജോർജ് എം. തോമസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാന ലോട്ടറികളെ നിയന്ത്രിക്കുന്നതിനും നിയമലംഘനം തടയുന്നതിനുമായി സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഇതുസംബന്ധിച്ച് പുറപ്പെടുവിച്ച ഓർഡിനൻസിനെ ചോദ്യം ചെയ്തതുകൊണ്ടുള്ള ഹർജിയിൽ കോടതിയുടെ ഉത്തരവ് എന്തെന്ന് വ്യക്തമാക്കുമോ ;

(സി) ലോട്ടറി ചട്ടലംഘനത്തിനെതിരെ നടപടിയെടുക്കുന്നതിനുള്ള അധികാരം സംബന്ധിച്ച് കോടതിയുടെ നിരീക്ഷണം എന്താണ് ;

LIBRARY ARCHIVES Kerala Legislative Assembly